# തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം: ആ.വ.ഡ- എറണാകുളം ജില്ലയിലെ പള്ളുരുത്തി താലൂക്ക് ആശുപത്രിയിലെ സീനിയർ ഗ്രേഡ് ഡെന്റൽ ഹൈജീനിസ്റ്റ് ആയ ശ്രീ. ആർ ജയകൃഷ്ണൻ (കേരള ഗവ. ഡെന്റൽ ഹൈജീനിസ്റ്റ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ്) ഫയൽ ചെയ്ത OA 954/2024 കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 24.06.2024 ലെ വിധിന്യായം അനുപാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

പരാമർശം :1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 954/2024 നം കേസിലെ 24/06/2024 ലെ അന്തിമ ഉത്തരവ്.

2. ശ്രീ. ആർ ജയകൃഷ്ണൻ, സീനിയർ ഗ്രേഡ് ഡെന്റൽ ഹൈജീനിസ്റ്റ് സമർപ്പിച്ച കത്ത് തീയതി 13.06.2024.

3. ഇ എഫ് 4- 8723/2024/ആ വ ഡ തീയതി. 02/08/2024 ഉത്തരവ്.

**ഉത്തരവ് നമ്പർ. ഇ എഫ് 4-3655/2024/ആ വ ഡ തീയതി 05-08-2024**

2024 ലെ ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികയിലെ പൊതു സ്ഥലം മാറ്റം അന്തിമ ഉത്തരവ് തീർപ്പാക്കുന്നതിന് മുമ്പായി, എറണാകുളം ജില്ലയിലെ പള്ളുരുത്തി താലൂക്ക് ആശുപത്രിയിലെ സീനിയർ ഗ്രേഡ് ഡെന്റൽ ഹൈജീനിസ്റ്റ് ആയ ശ്രീ. ആർ. ജയകൃഷ്ണൻ (കേരള ഗവ. ഡെന്റൽ ഹൈജീനിസ്റ്റ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ്) സമർപ്പിച്ച പരാമർശം (2) അപേക്ഷ കൂടി പരിഗണിക്കണമെന്ന് രണ്ടാം എതിർ കക്ഷിയായ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകികൊണ്ട് പരാമർഷം (1) പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (Thiruvananthapuram Bench) അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ശ്രീ. ആർ ജയകൃഷ്ണൻ 26/07/2004 ൽ തിരുവനന്തപുരം ജില്ലയിൽ സർവീസിൽ പ്രവേശിച്ചു. തുടർന്ന് ഒരു വർഷ കാലയളവിൽ (01/07/2014 to 03/06/2015) കോട്ടയം ജില്ലയിൽ ജോലി ചെയ്തിരുന്നു. തുടർന്ന് 2023 ജനറൽ ട്രാൻസ്ഫർ വരെ തിരുവനന്തപുരം ജില്ലയിൽ തുടരുകയായിരുന്നു. (service Details ചുവടെ ചേർക്കുന്നു).

26.07.2004 to 30.06.2014- തിരുവനന്തപുരം

01.07.2014 to 30.06.2015 - കോട്ടയം

01.07.2015 to 26.06.2023- തിരുവനന്തപുരം

27.06.2023 to - എറണാകുളം

സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരുടെ ജനറൽ ട്രാൻസ്ഫറിന്റെ മാനദണ്ഡങ്ങൾ വ്യവസ്ഥ ചെയ്തിരിക്കുന്നത് GO(P)No.3/2017/P&ARD dated. 25/2/2017 പ്രകാരമാണ്. ആയതിന്റെ ഖണ്ഡിക 11 പ്രകാരം **'പരിരക്ഷിത വിഭാഗങ്ങൾക്കുള്ള/ പ്രഥമ ഗണനീയ വിഭാഗങ്ങൾക്കുള്ള'** ട്രാൻസ്ഫർ സംരക്ഷണം പരമാവധി 5 വർഷമാക്കി നിജപ്പെടുത്തിയിട്ടുണ്ട്. അങ്ങനെയുള്ള വിഭാഗത്തിൽ വരുന്നതാണ് അംഗീകൃത സർവീസ് സംഘടനയുടെ സംസ്ഥാന പ്രസിഡന്റ് അല്ലെങ്കിൽ ജനറൽ സെക്രട്ടറി. അവർക്കു മുൻകാലങ്ങളിൽ ട്രാൻസ്ഫറിൽ നിന്നും നൽകിയ പരിപൂർണ്ണ സംരക്ഷണം (Vide GO(Ms) No.230/PD dated 21/7/1967 & GO(Ms) No. 378/PD dated 18/12/68) ഏറ്റവും പുതിയ ട്രാൻസ്ഫർ നോംസ് വന്നതോടെ [GO(P) No. 3/2017/P&ARD dated. 25/2/2017] അവസാനിച്ചു. ആയതിനാൽ എറണാകുളം ജില്ലയിലെ പള്ളുരുത്തി താലൂക്ക് ആശുപത്രിയിലെ സീനിയർ ഗ്രേഡ് ഡെന്റൽ ഹൈജീനിസ്റ്റ് ആയ ശ്രീ. ആർ ജയകൃഷ്ണൻ എന്നവരുടെ പരാമർശം (2) അപേക്ഷ പരിഗണിക്കാൻ നിർവാഹമില്ല. ആയതിനാൽ പരാമർശം (3) പ്രകാരം 2024-ലെ ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികയിലെ പൊതു സ്ഥലം മാറ്റം അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഇപ്രകാരം പരാമർശം (1) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 954/2024 കേസിലെ 24.06.2024 ലെ വിധിന്യായം അനുപാലിച്ച് ഇതിനാൽ ഉത്തരവാകുന്നു.

Signed by
Reena K J
Date: 05-08-2024 00:25:40

ഡോ. റീന. കെ. ജെ
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

Sri. Jayakrishnan. R
TC 44/2546, B-7
Aisa Hazel Crest,
Ulloor Lane, DPI, Thycaud
Thiruvananthapuram
Kerala-695014

പകർപ്പ്

1. അഡ്വക്കേറ്റ് ജനറൽ (ആമുഖ കത്ത് സഹിതം) തിരുവനന്തപുരം
2. മെഡിക്കൽ ഓഫീസർ (ആരോഗ്യം) എറണാകുളം
3. ഫയൽ/കരുതൽ ഫയൽ